# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3154** **28.01.2014 -ൽ മറുപടിക്ക്**

**പയ്യന്നൂർ മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) 2012-'13 ൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതുംപൊതുമരാമത്ത് വകുപ്പ് നടത്തുന്നതുമായ ഏതൊക്കെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) **നിരത്തുകളും പാലങ്ങളും വിഭാഗ**ത്തിനു കീഴിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കണ്ണൂർ റോഡ്സ് ഡിവിഷന്റെ പരിധിയിൽ പയ്യന്നൂർ അമ്പലത്തല കാനായി മണിയറവയൽ മാതമംഗലം റോഡിൽ കി.മീ**5/000** മുതൽ **8/400** വരെ അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി നടന്നു വരുന്നു.<br>**കെട്ടിട വിഭാഗ**ത്തിനു കീഴിൽ പയ്യന്നൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള രണ്ട് പ്രവൃത്തികൾ ആരംഭിച്ചു.<br>**1.** രാമന്തളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഒ.പി.ബ്ളോക്ക് നിർമ്മാണം.<br>**2.** കാങ്കോൽ ആലപ്പടമ്പ പഞ്ചായത്ത് ഗ്രൗണ്ടിൽ ഓപ്പൺ സ്റ്റേജിന്റെയും പവലിയിന്റെയും നിർമ്മാണം. |
| ബി) അനുമതി ലഭിച്ച ഏതെല്ലാം പദ്ധതികളാണ് പ്രവർത്തനം ആരംഭിക്കാത്തതെന്ന് വിശദമാക്കുമോ ; | ബി) **കെട്ടിട വിഭാഗ**ത്തിനു കീഴിൽ അനുമതി നൽകിയ പ്രവൃത്തികളിൽ പ്രവർത്തനം ആരംഭിക്കാത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1.** എം.എ.എസ്സ്.എസ്സ്.എച്ച്.എസ്സ്.എസ്സ്. എട്ടിക്കുളം ഒന്നാം നില കെട്ടിട നിർമ്മാണം.<br>**2.** തിരുമേനി ജി.എച്ച്.എസ്സ്.എസ്സ് കെട്ടിട നിർമ്മാണം.<br>**3.** മാതമംഗലം ജി.എച്ച്.എസ്സ്.എസ്സ് കെട്ടിട നിർമ്മാണം.<br>**4.** വയക്കര ഇൻഡോർ ഹാന്റ് ബോൾ സ്റ്റേഡിയം നിർമ്മാണം.<br>**5.** പയ്യന്നൂർ ആയുർവേദ ആശുപത്രി ഫസ്റ്റ് ഫ്ളോർ കം റാമ്പ് നിർമ്മാണം. |

| | |
|---|---|
| സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ? | സി)<br>**കെട്ടിട വിഭാഗ**ത്തിനു കീഴിൽ ഭരണാനുമതി നൽകിയ താഴെപ്പറയുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. എം.എ.എസ്സ്.എസ്സ്.എച്ച്.എസ്സ്.എസ്സ്, എട്ടിക്കുളം ഒന്നാം നില.<br>**2.** തിരുമേനി ജി.എച്ച്.എസ്സ്.എസ്സ് കെട്ടിട നിർമ്മാണം.<br>**3.** മാതമംഗലം ജി.എച്ച്.എസ്സ്.എസ്സ് കെട്ടിട നിർമ്മാണം.<br>**4.** പയ്യന്നൂർ ആയുർവേദ ആശുപത്രി ഫസ്റ്റ് ഫ്ളോർ കം റാമ്പ് നിർമ്മാണം എന്നീ വർക്കുകൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.<br>**5.** വയക്കര ഇൻഡോർ ഹാന്റ് ബോൾ സ്റ്റേഡിയം നിർമ്മാണം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ